**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1758** **13-02-2025 - ൽ മറുപടിയ്ക്ക്**

**ഇ-ചെക്ക്പോസ്റ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ഇ-ചെക്ക്പോസ്റ്റ് നിലവിൽ വന്ന ശേഷം മോട്ടോർ വാഹന വകുപ്പിലെ ചെക്ക് പോസ്റ്റുകളിൽ വിജിലൻസ് പരിശോധന നടക്കാറുണ്ടോ; ഇപ്രകാരം പരിശോധനയിൽ അഴിമതി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ കുറ്റക്കാർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | 22/10/2022 മുതൽ ചെക്ക്പോസ്റ്റിലെ സേവനങ്ങൾ വാഹൻ മൊഡ്യൂൾ വഴി (ഇ-ചെക്ക് പോസ്റ്റ്) നൽകിയതിനു ശേഷവും ചെക്ക്പോസ്റ്റുകളിൽ വിജിലൻസ് പരിശോധന നടന്നു വരുന്നു. അഴിമതി കണ്ടെത്തിയതിൽ കുറ്റക്കാർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഓൺലൈൻ വാഹന ചെക്ക്പോസ്റ്റ് മൊഡ്യൂൾ പ്രവർത്തനവുമായി ബന്ധപ്പെട്ട് എന്തെങ്കിലും മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ; ഓൺലെനായി അടച്ച രസീതുകൾ പ്രിന്റ് എടുത്ത് ചെക്ക്പോസ്റ്റിലെ ഉദ്യോഗസ്ഥരിൽ നിന്നും സീൽ പതിപ്പിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ; ഇതിനാധാരമായ സാഹചര്യങ്ങൾ വിശദമാക്കുമോ; | (ബി) | ഓൺലൈൻ വാഹന ചെക്ക്പോസ്റ്റ് മൊഡ്യൂൾ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഗതാഗത കമ്മീഷണറുടെ 16.06.2021-ലെ സർക്കുലർ നമ്പർ 12/2021 പ്രകാരം ഓൺലൈനായി അടച്ച രസീതുകൾ പ്രിന്റ് എടുത്ത് ചെക്ക്പോസ്റ്റിലെ ഉദ്യോഗസ്ഥരിൽ നിന്നും സീൽ പതിപ്പിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. 2021-ൽ വാഹൻ സോഫ്റ്റ് വെയർ പൂർണ്ണതോതിൽ സംസ്ഥാനത്ത് സജ്ജമായിട്ടില്ലായിരുന്നതിനാലും, ആ കാലഘട്ടത്തിൽ Non Vahan ആയ സംസ്ഥാനങ്ങളുടെ എണ്ണം കൂടുതലുമായിരുന്നതിനാലുമാണ് ഇത്തരമൊരു സർക്കുലർ പുറപ്പെടുവിക്കേണ്ടി വന്നത്. |
| (സി) | ഇപ്രകാരം ഒരു നിർദ്ദേശം നൽകിയത് ചെക്ക് പോസ്റ്റിലെ അഴിമതി വർദ്ധിപ്പിക്കുമെന്ന് വിലയിരുത്തലുണ്ടോ; എല്ലാം ഡിജിറ്റലായിക്കൊണ്ടിരിക്കുന്ന ഇക്കാലത്ത് ഡിജിറ്റലായി നടത്തിയ ഇടപാടിന്റെ പ്രിന്റ് എടുത്ത് ചെക്ക് പോസ്റ്റിൽ ഹാജരാക്കണമെന്ന വ്യവസ്ഥ പിൻവലിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ഇല്ല. കേന്ദ്രസർക്കാരിന്റെ 06.09.2021-ലെ RT-23018/47/2021-T, 03.10.2023-ലെ RT-23018/19/2023-T എന്നീ കത്തുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിലെ മോട്ടോർ വാഹന വകുപ്പിനു കീഴിലുള്ള ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം പൂർണ്ണമായും നിർത്തലാക്കുവാൻ നിർദ്ദേശം നൽകിയിരുന്നു.<br><br>ആയതിന്റെ അടിസ്ഥാനത്തിൽ ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം പൂർണ്ണമായും ഓൺലൈൻ രീതിയിൽ ക്രമീകരിച്ചു കൊണ്ട് അവയുടെ പ്രവർത്തനം നിർത്തലാക്കുന്നതിനുള്ള നടപടികൾ സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ